# ദുരന്തസാധ്യതാ ലഘൂകരണത്തിനായുള്ള
# സെൻഡായ് രൂപരേഖ




**കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി**

വിലാസം : രണ്ടാം നില, റവന്യു കോംപ്ലക്സ് പബ്ലിക്ക് ഓഫീസ്,
തിരുവനന്തപുരം 695033 , ഫോൺ : 0471 2331345
വെബ് സൈറ്റ് : www.sdma.kerala.gov.in

ദുരന്ത സാധ്യതാ ലഘൂകരണവുമായി ബന്ധപ്പെട്ട് ജപ്പാനിലെ സെൻഡായിൽ 2015 മാർച്ച് 14 മുതൽ 18 വരെ നടന്ന ഐക്യരാഷ്ട്രസഭാ അംഗരാജ്യങ്ങളുടെ മൂന്നാം അന്തർ ദേശീയ സമ്മേളനത്തിൽ ഇന്ത്യയുൾപ്പെടെ 187 രാജ്യങ്ങളിൽ നിന്നുള്ള പ്രത lനിധികൾ ദുരന്ത സാധ്യത ലഘൂ കരണത്തിനു വേണ്ടിയുള്ള സെൻഡായ് രേഖയിൽ ഒപ്പു വെച്ചു. 2015 മുതൽ 2030 വരെയുള്ള 15 വർഷത്തേയ്ക്കുള്ള ഈ രൂപരേഖയുടെ ആത്യന്തിക ലക്ഷ്യം ജീവഹാനിയിലുള്ള ഗണ്യമായ കുറവ്, സാമ്പത്തികവും, സാംസ്കാരിക വും, പാരിസ്ഥിതികവുമായ സമ്പാദ്യം സംരക്ഷിക്കുക എന്നിവയാണ്. ദുരന്ത സാധ്യത ലഘൂകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സെൻഡായ് രൂപരേഖയിൽ ഏഴു ലക്ഷ്യങ്ങളും നാലു മുൻഗണനകളുമാണുള്ളത്.

സെൻഡായ് രൂപരേഖ പ്രാവർത്തികമാക്കുന്നതോടുകൂടി രാജ്യങ്ങളുടെയും സമൂഹത്തിന്റെയും ദുരന്തസാധ്യത കുറയ്ക്കുവാനും, ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും, ദുരന്തത്തിനിരയായവരുടെ അതിജീവനം ഉറപ്പാക്കുവാനും, സാമൂഹിക ശാക്തീകരണം ഉറപ്പാക്കുവാനും, അപകട സാധ്യതയോടു പെട്ടെന്ന് പ്രതികരിക്കുവാനും, സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കാനു മുള്ള രാജ്യങ്ങളുടെ പരിശ്രമങ്ങളെ പരിപോഷിപ്പിക്കുകയും സമ്പൂർണമാക്കുകയും ചെയ്യും.

## ഏഴു ലക്ഷ്യങ്ങൾ (7 Targets)

### ലക്ഷ്യം 1 | ദുരന്തത്തോടനുബന്ധിച്ചുള്ള മരണ സംഖ്യ കുറയ്ക്കുക.

ദുരന്തസാധ്യത മുൻകൂട്ടി അറിയിക്കാനുതകുന്ന സംവിധാനങ്ങൾ (Early Warning) ശക്തിപ്പെടുത്തുക. കടൽത്തീരത്തും, താഴ്ന്ന പ്രദേശങ്ങളിലും വസിക്കുന്നവരെ ദ്രുതഗതിയിൽ അപകട സാധ്യത / അപായ സൂചനകൾ അറിയിക്കാനുള്ള അധികൃതരുടെ കാര്യക്ഷമത പരി ശോധിക്കുക. സ്കൂളുകളിലും വ്യവസായ കേന്ദ്രങ്ങളായ മാളുകൾ, സിനിമ ഹാളുകൾ എന്നിവിടങ്ങളിൽ ഭൂകമ്പമുണ്ടായാൽ പ്രതികരിക്കേണ്ടത് എങ്ങനെയാണെന്നതിനെക്കുറിച്ചുള്ള പരിശീലനങ്ങൾ / മോക്ഡ്രിൽ എന്നിവ നടത്തുക.

### ലക്ഷ്യം 2 | ദുരന്തബാധിതരുടെ എണ്ണം കുറക്കുക

തീരപ്രദേശങ്ങളിൽ വസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കാനും, സമുദ്ര/നദീതടങ്ങളിൽ അനധികൃത മായി പാർക്കുന്നവരെ മാറ്റുവാനും, നദീതടങ്ങൾ ശക്തിപ്പെടുത്താനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ശാക്തീകരിക്കുക. പൊതുമേഖലകളിലും സ്വകാര്യ മേഖലകളിലും നിർമാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മഴക്കാലങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കും വിധം നിർമ്മാണ മേഖല ശ്രദ്ധികേണ്ട താണ്. ഇത്തരത്തിലുള്ള എല്ലാ നിർമാണ പ്രവർത്തനങ്ങളിലും ദുരന്ത പ്രതിരോധ മാർഗ്ഗങ്ങൾ ഉണ്ടായിരിക്കണം.

## ലക്ഷ്യം 3 | സാമ്പത്തിക നഷ്ടം കുറയ്ക്കുക

ദുരന്തങ്ങൾ മൂലം വർഷം തോറും ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം കുറയ്ക്കുക. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ദുരന്ത സാധ്യത അപഗ്രഥനം (Hazard, Vulnerability, Risk Assessment) നടത്തേണ്ടതാണ്. നഗരങ്ങളിലും ഗ്രാമ പ്രദേശങ്ങളിലുമുള്ള സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ തിരിച്ചറിയുക/കണ്ടെത്തുക, അത്തരത്തിലുള്ള കെട്ടിടങ്ങളിൽ താമസിക്കുന്നവർക്ക് ജാഗ്രതാ നിർദേശങ്ങൾ നൽകുക. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുക

## ലക്ഷ്യം 4 | ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളിലുള്ള ദുരന്താഘാതം ഗണ്യമായി കുറയ്ക്കുക

നിർണായകമായ അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയ്ക്കുക. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഭൂകമ്പം, വെള്ളപ്പൊക്കം മുതലായ ദുരന്തങ്ങളെ പ്രതിരോധിക്കത്തക്ക വിധം രൂപകൽപ്പന ചെയ്തിട്ടുള്ളതാണെന്ന് ഉറപ്പാക്കണം.

## ലക്ഷ്യം 5 | ദുരന്തസാധ്യത ലഘൂകരണത്തിനുള്ള പ്രവർത്തനങ്ങൾ വികസിപ്പിച്ചെടുക്കുക

ഭൂകമ്പ വിദഗ്ധരോട് ജില്ലയിലെ ഭൂകമ്പസാധ്യത ഏറ്റവും കൂടുതലുള്ള മേഖലകളുടെ വിവരം ആവശ്യപ്പെടണം. അതുപോലെ പൂർവചരിത്രത്തിന്റെ അടിസ്ഥാനത്തിൽ, ജില്ലയിലെ പ്രളയ/ചുഴലിക്കാറ്റ് പ്രവണതയുള്ള സ്ഥലങ്ങൾ രേഖപ്പെടുത്തണം, അതനുസരിച്ചു അങ്ങനെയുള്ള പ്രദേശങ്ങളിൽ വലിയ നിക്ഷേപങ്ങൾ ഒന്നും തന്നെ ചെയ്യരുത്, ദുരന്തത്തെ അതിജീവിക്കുന്ന ചെറുകിട കെട്ടിട നിർമ്മാണം മാത്രം അനുവദിക്കാവുന്നതാണ്.

## ലക്ഷ്യം 6 | അന്താരഷ്ട്ര സഹകരണത്തിനു വേണ്ടി തദ്ദേശീയമായ അറിവുകൾ പങ്കിടുക

ജില്ലയിലെ സാധാരണ ജനങ്ങൾ സാങ്കേതികമായി ഒരു ദുരന്തത്തെ എങ്ങനെ നേരിടും എന്നതിനെപ്പറ്റിയുള്ള തദ്ദേശീയമായ അറിവുകൾ പങ്കിടുക . ജില്ലയ്ക്ക് ലഭ്യമായിട്ടുള്ള ഏതൊരു വിവരവും സംസ്ഥാന/കേന്ദ്ര സർക്കാരുമായും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായും പങ്കിടണം.

## ലക്ഷ്യം 7 | ബഹുവിധ ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങൾ ലഭ്യമാക്കുക

ഈ ലക്ഷ്യം കൈവരിക്കാൻ മുന്നറിയിപ്പ് സംവിധാനങ്ങൾ ലഭ്യമാക്കുന്ന വകുപ്പുകളായ സെൻട്രൽ വാട്ടർ കമ്മീഷൻ (CWC), ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (IMD), INCOIS (സുനാമി മുന്നറിയിപ്പിന്), GSI (ഉരുൾപൊട്ടൽ മുന്നറിയിപ്പിന്) എന്നിവരുമായി ഒരു യോഗം വിളിച്ചുകൂട്ടി മേൽപ്പറഞ്ഞ ഏജൻസികൾ നൽകുന്ന സാങ്കേതികത നിറഞ്ഞ മുന്നറിയിപ്പുകൾ സാധാരണ ജനങ്ങളിലേക്കും, ഒരു ദുരന്തം വന്നാൽ പ്രഥമമായി പ്രതികരിക്കേണ്ട ലോക്കൽ പോലിസ്, ഫയർ ആൻഡ് റെസ്ക്യൂ, റവന്യു എന്നിവരിലേക്ക് ഏജൻസികൾ നൽകുന്ന വിവരങ്ങൾ എങ്ങനെ ലളിതമായി മനസ്സിലാക്കാവുന്ന രീതിയിലേക്ക് മാറ്റാം എന്നതിനെപറ്റി ചർച്ച ചെയ്യേണ്ടതാണ്. ജില്ലയിലെ അങ്ങോളമിങ്ങോളം വരുന്ന വില്ലേജുകളിലും, സ്കൂളുകളിലും, തിരക്കേറിയ മാളുകൾ, സിനിമാഹാളുകൾ, ഓഫീസ് കോംപ്ളെക് സുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലും കൂടുതൽ പരിശീലനം ലഭ്യമാക്കേണ്ടതാണ്.

# നാല് മുൻഗണനകൾ (4 Priorities)

## മുൻഗണന 1 | ദുരന്തസാധ്യതയെപ്പറ്റി മനസ്സിലാക്കുക

ജനപ്രതിനിധികളുടെയും സർക്കാർ ഉദ്യോഗസ്ഥരുടെയും മീറ്റിംഗ് വിളിച്ചു കൂട്ടുകയും ദുരന്തസാധ്യതയ്ക്കുള്ള പ്രാധാന്യം എന്നതിനെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കുകയും ചെയ്യുക. ഏതെങ്കിലും പ്രകൃതിക്ഷോഭത്താൽ ദുരന്തമനുഭവിക്കുന്ന ജില്ലയുടെ നാശനഷ്ടങ്ങളുടെ ഒരു വിവരപ്പട്ടിക തയ്യാറാക്കുക, ഇതിനായി ഇൻഡിസ് ഡാറ്റ (Indis Data) എന്ന സോഫ്റ്റ്‌വെയർ രൂപപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ ഒരോ ജില്ലകളിലുമുള്ള വിഭവങ്ങളെ (Resource Inventory) കുറിച്ചുള്ള വിവരങ്ങൾ ഇന്ത്യ ഡിസാസ്റ്റർ റിസോഴ്സ് നെറ്റ്‌വർക്ക് എന്ന ഓൺലൈൻ ഡാറ്റാബേസിൽ ലഭ്യമാണ് (www.idrn.gov.in)

## മുൻഗണന 2 | ദുരന്ത സാധ്യതാ ലഘൂകരണം ശക്തിപ്പെടുത്തുക

ഓരോ ജില്ലയും അവരുടെ തദ്ദേശ സ്ഥാപനങ്ങളോടും, പഞ്ചായത്തുകളോടും നിർബന്ധമായും കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പാലിക്കാൻ ആവശ്യപ്പെടുക. ഏതു വില്ലേജുകളിലാണോ കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പാലിക്കപ്പെടാത്തത്, അവിടെയുള്ള വില്ലേജ് ഓഫീസർ അവരുടെ വില്ലേജുകളിൽ നിർമ്മിച്ച വീടുകളും മറ്റു കെട്ടിടങ്ങളും ഭൂകമ്പത്തെയും മറ്റു ദുരന്തങ്ങളെയും അതിജീവിക്കുന്നവയാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും പ്രളയ–ഭൂകമ്പ സാധ്യതയുള്ള പ്രദേശങ്ങളെ തിരിച്ചറിയുകയും ഭാവിയിൽ കെട്ടിട നിർമാണങ്ങൾ എല്ലാം തന്നെ പ്രളയ–ഭൂകമ്പ ദുരന്തങ്ങളെ അതിജീവിക്കുന്നവയാണെന്ന് ഉറപ്പുവരുത്തുകയും വേണം.

## മുൻഗണന 3 | ദുരന്ത–സാധ്യതാ ലഘൂകരണത്തിനുള്ള നിക്ഷേപം

ജില്ലകളിലെ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഒരു ദുരന്തത്തെ നേരിടാൻ പ്രാപ്തമാണെന്ന് ജില്ലാ ഭരണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. ജില്ലാതലത്തിലെ എല്ലാ ഫണ്ടിൽ നിന്നും ദുരന്ത സാധ്യത ലഘൂകരണത്തിനായുള്ള പദ്ധതികൾക്ക് വിനിയോഗിക്കേണ്ടതാണ്. പ്രളയ നിയന്ത്രണ ഡാം, പുനരധിവാസ കേന്ദ്രങ്ങൾ, വരൾച്ചയെ നേരിടാനും പ്രളയ ജലത്തിന്റെ ഗതി തിരിച്ചു വിടുന്ന ചെറുകിട ജലസേചന സംവിധാനങ്ങൾ മുതലായവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ജില്ലയിൽ കെട്ടിട നിർമാണ മേഖലയിൽ പ്രവർത്തിക്കുന്നവരെ വിളിച്ചുകൂട്ടി ഏതൊരു പ്രകൃതിഷോഭത്തെയും ചെറുത്തുനിൽക്കാനുതകുന്ന കെട്ടിടങ്ങളുടെ നിർമാണത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവാന്മാരാക്കുക.

കല്പണിക്കാർക്കും കോൺട്രാക്ടർമാർക്കും ദുരന്തത്തെ അതിജീവിക്കുന്ന കെട്ടിടങ്ങൾ എങ്ങനെ നിർമിക്കാം എന്നതിനെപ്പറ്റിയുള്ള പരിശീലനം ജില്ലാതലത്തിൽ നടത്തപ്പെടേണ്ടതാണ്.

## മുൻഗണന 4 | പര്യാപ്തമായ ദുരന്ത പ്രതികരണത്തിന് തയ്യാറെടുപ്പുകൾ വർധിപ്പിക്കുക.

ഓരോ മൂന്നു മാസം കൂടുമ്പോഴും പ്രകൃതിക്ഷോഭങ്ങൾ ഒന്നുമില്ലെങ്കിലും നിർബന്ധമായും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മീറ്റിംഗ് വിളിച്ചു കൂട്ടി ദുരന്തത്തെ നേരിടാനുള്ള തയ്യാറെടുപ്പുകൾ ചർച്ച ചെയ്യേണ്ടതാണ്. കാലവർഷ സമയത്ത് ജില്ലാ ദുരന്തനിവാരണ അതോറിറ്റി കാലാവസ്ഥാ പ്രവചന ഏജൻസികളുമായി ഇടയ്ക്കിടെ ബന്ധപ്പെടേണ്ടതാണ്. കൂടാതെ കാലവർഷം തുടങ്ങുന്നതിനു ഒരു മാസം മുൻപ് അവരുമായി ഒരു മീറ്റിംഗ് നടത്തേണ്ടതാണ്.

ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, സുനാമി മുതലായ ദുരന്തങ്ങളെ എങ്ങനെ നേരിടണം എന്നുള്ള പരിശീലനങ്ങൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നടത്തേണ്ടതാണ്.

വേനൽക്കാലത്തുള്ള സൂര്യാഘാതം, വരൾച്ച എന്നിവ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർബന്ധമായും എടുക്കേണ്ടതാണ്.

പോലീസ്, ഫയർ സർവ്വീസ്, സിവിൽ ഡിഫെൻസ് എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിധക്തമായ പരിശീലനം ലഭ്യമാക്കേണ്ടതാണ്.

ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ മുതലായ വില്ലേജ് തലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകർക്കും, സംഘടനകൾക്കും പരിശീലനം നൽകേണ്ടതാണ്.